ശ്രീ. എം. കെ. രാഘവൻ: തണ്ടാർ സമുദായം നേരത്തെ ലിസ്റ്റിൽ ഉള്ളതാണ്. ആ പേര് സ്ഥാനപ്പേരായിട്ടുള്ളവർ ഇത് ദുരുപയോഗപ്പെടുത്തി എന്നല്ലാതെ തണ്ടാർ സമുദായത്തിന്റെ ആനുകൂല്യങ്ങളും നിഷേധിച്ചിട്ടില്ല.

ശ്രീ. പി. ബി. ആർ. പിള്ള: 18-1-79 ലും അതിനു മുൻപും പല ജാതികളുടെ പേരുകളും നിർദ്ദേശിച്ചു എന്നു വ്യക്തമാക്കി. ആ നിർദ്ദേശങ്ങളുടെ ഫലം ഇപ്പോൾ എവിടെ നിൽക്കുന്നു.

ശ്രീ. എം. കെ. രാഘവൻ: പറയാറായിട്ടില്ല. കമ്മിറ്റി ഇവിടെ വന്നിട്ട് തിരിച്ചുപോയിട്ടേയുള്ളു. നിവേദനം കൊടുത്ത കാര്യങ്ങളെപ്പറ്റി രേഖാമൂലമുള്ള എല്ലാ തെളിവുകളും സമർപ്പിക്കണമെന്നു നമ്മളോടാവശ്യപ്പെട്ടിരിക്കുകയാണ്. ആന്ത്രോപോളജിസ്റ്റിനേയും മറ്റും കൺസൽറ്റു ചെയ്തിട്ട് അവരുടെ ഉദ്ഭവം മുതലായുള്ള എല്ലാ കാര്യങ്ങളും സമർപ്പിച്ചശേഷം മാത്രമേ ഒരു തീരുമാനമുണ്ടാകുകയുള്ളു.

ഹരിജനക്ഷേമവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ട്രെയിനിംഗ് സെന്ററുകൾ

* 534 [566] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജനക്ഷേമവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ട്രെയിനിംഗ് സെന്ററുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചു പഠിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിരുന്നുവോ;

(ബി) എങ്കിൽ സ്പെഷ്യൽ ഓഫീസർ ആരാണ്;

(സി) റിപ്പോർട്ട് ഗവൺമെൻറിനു സമർപ്പിച്ചുവോ;

(ഡി) അതിൻമേൽ എന്തുനടപടി സ്വീകരിച്ചു?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) നിയോഗിച്ചിരുന്നു.

(ബി) കേരള സ്റ്റേറ്റ് പട്ടികജാതി പട്ടികവർഗവികസന കോർപ്പറേഷന്റെ തിരുവനന്തപുരം റീജിയണൽ മാനേജർ ശ്രീ. പി. കെ. രാഘവനായിരുന്നു സ്പെഷ്യൽ ഓഫീസർ.

(സി) സമർപ്പിച്ചു.

(ഡി) റിപ്പോർട്ട് പരിശോധിച്ചു വരികയാണ്.

ശ്രീ. കല്ലട നാരായണൻ: ഹരിജനക്ഷേമവകുപ്പിന്റെ കീഴിൽ ഒട്ടേറെ ട്രെയിനിംഗ് സെന്ററുകൾ ഉണ്ട്. അവയുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് കണ്ടതുകൊണ്ടാണ് 9-11-77 ൽ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചത്. അദ്ദേഹത്തിന്റെ റിപ്പോർട്ട് എന്നാണ് കിട്ടിയത്, അതിൻമേൽ ഉള്ള ശുപാർശകൾ എന്തെല്ലാമാണ്, അതിന്റെ നടപടികൾ എവിടെവരെ ആയിയെന്നു പറയാമോ?

ശ്രീ. എം. കെ. രാഘവൻ: പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്ററിനെയും മറ്റും. ഇപ്പോഴത്തെ പ്രവർത്തനം തൃപ്തികരമല്ലെന്നും കൂടുതൽ ഉൽപ്പാദനശേഷിയും തൊഴിൽസൗകര്യങ്ങളും ലഭ്യമാക്കുന്നതിലേക്ക് മേൽപ്പടി

LIBRARY ARCHIVES Kerala Legislative Assembly

സെൻററുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്നും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ച് സമഗ്രമായ ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടിയാണ് സ്പെഷ്യൽ ഓഫീസറെ നിയമിച്ചത്. റിപ്പോർട്ട് 28-4-78-ൽ ഗവൺമെൻറിന് സമർപ്പിച്ചു. സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ടിലെ പ്രധാനമായ ശുപാർശകൾ താഴെ പറയുന്നവയാണ്.

1. അസംസ്കൃത സാധനങ്ങളും ഉപകരണങ്ങളും വാങ്ങി സംഭരിക്കുന്നതിനുള്ള പ്രത്യേക സംഭരണ വിഭാഗം രൂപീകരിക്കണം.

2. ഒരു തടി അറപ്പു മിൽ സ്ഥാപിക്കുക.

3. ശിങ്കാരത്തോപ്പ് ഉത്പാദന പരിശീലന കേന്ദ്രത്തോടനുബന്ധിച്ച് ഡൈയിംഗ് വിഭാഗം ആരംഭിക്കുക.

4. യന്ത്രത്തറിയും ഡെമോൺസ്ട്രേഷൻ സെൻററും ആരംഭിക്കുക.

5. അസംസ്കൃത സാധനങ്ങളുടെയും ഉപകരണങ്ങളുടേയും ക്രമമായ വിതരണം.

6. സാങ്കേതിക വിഭാഗം ജീവനക്കാർക്ക് റിഫ്രഷർകോഴ്സ് ആരംഭിക്കുക.

7. മരപ്പണി വിഭാഗം യന്ത്രവൽക്കരിക്കുക.

8. ആഡിററു, ഇൻസ്പെക്ഷനും എന്ന പ്രത്യേക വിഭാഗം രൂപീകരിക്കുക.

<u>ശ്രീ. കല്ലട നാരായണൻ:</u> ഈ ശുപാർശകളിൻമേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുണ്ടെന്നു പറയാമോ?

<u>ശ്രീ. എം. കെ. രാഘവൻ:</u> നേരത്തേപറഞ്ഞു ഇതെല്ലാം പരിശോധിച്ച് എന്ത് നടപടികളാണ് സ്വീകരിക്കണമെന്നു ആലോചിച്ചുകൊണ്ടിരിക്കുകയാണെന്ന്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻനായർ:</u> ഈ ട്രെയിനിംഗ് സെൻററുകളിൽനിന്നും കൊടുക്കുന്ന ട്രെയിനിംഗ് കഴിഞ്ഞ് പുറത്തു വന്നുകഴിഞ്ഞാൽ യാതൊരു തരത്തിലും പ്രയോജനപ്പെടുന്നതല്ലെന്നുള്ളതുകൊണ്ട് പ്രയോജനപ്രദമായ രീതിയിൽ നമ്മുടെ ഗ്രാമപ്രദേശങ്ങളിലുള്ള ആധുനികമായ രീതിയിലുള്ള വല്ല തൊഴിലും ചെയ്യാൻ ട്രെയിനിംഗ് നൽകുന്നതിനെപ്പററി ആലോചിക്കുമോ? ഇപ്പോഴും കുട്ട, വട്ടി നെയ്ത്താണ് പഠിപ്പിക്കുന്നത്.

<u>ശ്രീ. എം. കെ. രാഘവൻ:</u> അതിനെപ്പററി ഗവൺമെൻറ് പരിഗണിക്കുന്നുണ്ട്. ഗവൺമെൻറ് ഇതിനൊരു റിഫ്രഷർ കോഴ്സ് കൊടുക്കാൻ ഉദ്ദേശിക്കുന്നത് അതുകൊണ്ടാണ്. ഇപ്പോഴും ട്രെയിനിംഗ് കം പ്രൊഡക്ഷൻ സെൻററുകളും പുതുതായി വർദ്ധിപ്പിക്കുന്നുണ്ട്. ഇങ്ങനെയുള്ള പരിഷ്കാരങ്ങളും വരുത്തിക്കൊണ്ടിരിക്കുകയാണ്. ഇവരെ പരിശീലിപ്പിച്ചു വിട്ടുകഴിഞ്ഞാൽ ആവശ്യക്കാരായ എംപ്ലോയ്മെൻറിന് ഇവരെ സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് കൂടുതൽ പരിശീലനവും മറ്റും വർദ്ധിപ്പിക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. വി. ജെ. ജോസഫ്:</u> കൂടുതലായി ട്രെയിനിംഗ് കം പ്രൊഡക്ഷൻ സെൻററുകളും ആരംഭിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടെന്നു പറഞ്ഞു. ഗിരി വർഗക്കാർ അധിവസിക്കുന്ന കോട്ടയം ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളുടെ പ്രയോജനത്തെ കരുതി ഇതുപോലുള്ള ഒരു ട്രെയിനിംഗ് കം പ്രൊഡക്ഷൻ സെൻറർ ആരംഭിക്കാൻ നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. രാഘവൻ: കൂടുതലായി പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ട്. ഇപ്പോഴുള്ള ഈ മോഡൽ വെൽഫെയർ ട്രെയിനിംഗ് സെന്ററുകളും 24 എണ്ണം പട്ടികജാതിക്കാർക്കും 14 എണ്ണം ഗിരിവർഗക്കാർക്കുമാണ്. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളും 14 എണ്ണം പട്ടികജാതിക്കാർക്കു മാത്രമായി ഉള്ളതാണ്. വീവിംഗ് സെന്ററുകളും 4 എണ്ണം പട്ടികജാതിക്കാർക്ക് ഉള്ളതാണ്. അതുപോലെ ടെയിലറിംഗ് സ്കൂളും ഒരെണ്ണം ഉള്ളതു പട്ടികജാതിക്കാർക്കുള്ളതാണ്. ക്രാഫ്റ്റു സെന്ററുകളും 2 എണ്ണം പട്ടികജാതിക്കാർക്കും 9 എണ്ണം ഗിരി വർഗക്കാർക്കും ഉള്ളതാണ്. പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്ററുകളും 20 എണ്ണം പട്ടികജാതിക്കാർക്കും 3 എണ്ണം പട്ടിക വർഗക്കാർക്കും ഉള്ളതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നമ്മുടെ രാജ്യത്ത് വർദ്ധിച്ചു വരുന്ന ഈ കെട്ടിടങ്ങളുടെ ആവശ്യം പരിഗണിച്ചു മെയിസൺ പണിക്കു വളരെ ആളുകളും കുറവാണ്. പ്രത്യേകിച്ചും പുറംരാജ്യങ്ങളിൽ അവരുടെ ആവശ്യം വളരെ വർദ്ധിച്ചിരിക്കുന്നു എന്നുള്ളതുകൊണ്ട് ഹരിജനങ്ങൾക്ക് ട്രെയിനിംഗ് കൊടുക്കുന്ന ഈ സ്ഥാപനങ്ങളിൽ മെയിസൺ ട്രെയിനിംഗ് കൂടി കൊടുക്കാൻ നടപടി എടുക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. എ. വി. താമരാക്ഷൻ: ഈ ട്രെയിനിംഗ് സെന്ററുകളിൽ നിന്നും ട്രെയിനിംഗ് കഴിഞ്ഞു പുറത്തുവരുന്ന വിദ്യാർത്ഥികൾക്കു ലഭിക്കുന്ന സർട്ടിഫിക്കറ് പബ്ലിക് സർവ്വീസ് കമ്മിഷൻ അംഗീകരിക്കുന്നില്ലെന്നുള്ളതുകൊണ്ട് പബ്ലിക് സർവ്വീസ് കമ്മിഷന്റെ നിയമനത്തിന് ഇത്തരം സർട്ടിഫിക്കറുകൾ അംഗീകരിക്കുവാൻ ആവശ്യമായ ശുപാർശ ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. എം. കെ. രാഘവൻ: അതിനു നടപടികൾ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. ഐ. റ്റി. ഐ. സർട്ടിഫിക്കറുകൾക്ക് തുല്യമായി ഈ സർട്ടിഫിക്കറുകൾ അംഗീകരിക്കുവാനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിച്ചുവരികയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ട്രെയിനിംഗ് കഴിഞ്ഞു പുറത്തുവരുന്നവർക്ക് ജോലി ലഭിക്കുന്നില്ലെന്നും ആ ട്രെയിനിംഗ്കൊണ്ട് പ്രയോജനമുണ്ടാകുന്നില്ലെന്നും ഉള്ള ആക്ഷേപം ഉണ്ട്. അത് പരിഹരിക്കുന്നതിനു വേണ്ടി എന്തെങ്കിലും നടപടി നിർദ്ദേശിക്കണമെന്ന് ഈ കമ്മിഷൻ നിർദ്ദേശം കൊടുത്തിരുന്നോ? അങ്ങനെ സ്ഥിരമായി പണിയിൽ ഏർപ്പെട്ടിട്ടുള്ളവരുടെ സംഖ്യ എത്ര ഉണ്ടെന്ന് കണക്കു ശേഖരിക്കാൻ ഗവൺമെൻറിനു കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. എം. കെ. രാഘവൻ: നോക്കി പറയാം.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ഈ ട്രെയിനിംഗ് കം പ്രൊഡക്ഷൻ സെൻറുകളിൽ മിക്കവാറും എല്ലാ സെൻറുകളിലും ഒരേ സാധനം തന്നെ ഉൽപ്പാദിപ്പിക്കുന്നതുകൊണ്ട് അത് വിറ്റഴിക്കാൻ പ്രയാസം ഉള്ളതു കൊണ്ട് പല തരത്തിലുള്ള സാധനങ്ങൾ ഉൽപ്പാദിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. രാഘവൻ: ഓരോ സെൻററുകളിലും ഓരോ മാതൃകയിലാണ് സാധനങ്ങൾ ഉണ്ടാക്കുന്നത്. അത് പല വിധത്തിലാക്കാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. എ. എൻ. യൂസഫ്: അട്ടപ്പാടി ഭാഗത്ത് 4 കൈത്തൊഴിൽ പരിശീലന കേന്ദ്രങ്ങൾ അട്ടപ്പാടി ആദിവാസികൾക്കുവേണ്ടി ഉണ്ടായിരുന്നത് നിർത്തൽ ചെയ്തിരിക്കുകയാണ്. ഇതിനെപ്പററി പല നിവേദനങ്ങളും നടത്തിയിട്ടുണ്ട്. ഇത് നിർത്തൽ ചെയ്യാനുള്ള കാരണമെന്താണ്? ഇത് വീണ്ടും ആരംഭിക്കാനുള്ള വല്ല പരിപാടിയും ഉണ്ടോ?

ശ്രീ. എം. കെ. രാഘവൻ: കൂടുതൽ വിവരങ്ങൾ അറിയുകയില്ല. അത് അന്വേഷിച്ചിട്ട് വേണ്ടത് ചെയ്യാം.

ശ്രീ. പി. സി. ജോസഫ്: പരിശീലനത്തിനു ശേഷം, പരിശീലനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സ്ഥിരമായി ജോലിക്കുള്ള സാഹചര്യം ഇല്ലാത്തതുകൊണ്ട് അവർക്ക് സ്ഥിരമായി ജോലി ലഭിക്കാനുള്ള സംവിധാനത്തെപ്പററി ഗവൺമെൻറ് ആലോചിക്കുമോ? നമ്മുടെ ഗവൺമെൻറ് വിദേശത്തേക്ക് ജോലിക്കുവേണ്ടി നിയോഗിക്കപ്പെടുന്ന ഓവർസീസ് ഡെവലപ്പുമെൻറ് കോർപ്പറേഷനിൽ ഇങ്ങനെയുള്ള ആളുകൾക്ക് എന്തെങ്കിലും സംവരണം നൽകുന്നതിനെപ്പററി ആലോചിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അങ്ങനെയൊരു പരിപാടിയില്ല. അത് സാദ്ധ്യവുമല്ല. ഓവർസീസ് ഡെവലപ്പ്മെൻറ് കോർപ്പറേഷനിൽ അവരാണ് ജോലിക്കാളുകളെ തിരഞ്ഞെടുക്കുന്നത്. അവർക്ക് പ്രയോജനകരമായ ആളുകളെ അല്ലാതെ നമ്മൾ സംവരണം ചെയ്യുന്ന ആളുകളെ എടുക്കുകയില്ല.

ശ്രീ. കെ. രാഘവൻ മാസ്ററർ: ട്രെയിനിംഗ് സെൻേറഴ്സിൽ വളരെയധികം പോരായ്മകൾ ഉണ്ടെന്നു പറഞ്ഞു. ആ പോരായ്മയുടെ അടിസ്ഥാനത്തിൽ നിർത്തൽ ചെയ്ത സെൻററുകൾ ഈ ശുപാർശകളുടെ വെളിച്ചത്തിൽ പുനരാരംഭിക്കാൻ നടപടി എടുക്കുമോ?

ശ്രീ. എം. കെ. രാഘവൻ: തീർച്ചയായും ആരംഭിക്കുന്നതാണ്.

ശ്രീ. പി. ബി. ആർ. പിള്ള: പ്രൊഡക്ഷൻ സെൻററുകളായാലും ട്രെയിനിംഗ് സെൻററുകളായാലും ഇന്നത്തെ ചുററുപാടിൽ ഹരിജൻ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർക്ക് കാര്യക്ഷമമാക്കാൻ കഴിയാതെ വന്നതുകൊണ്ട് പല സെൻററുകളിലേയും യന്ത്രതകരാർ പ്രവർത്തിക്കാൻ സാധിക്കുന്നില്ല. ഈ ചുററുപാടിൽ ഇതെല്ലാം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ പ്രൊഡക്ഷൻ സെൻററുകളുടെ മേൽ ശ്രദ്ധചെലുത്തുന്നതിനുവേണ്ടി ഒരു സംവിധാനം ഏർപ്പെടുത്താൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. എം. കെ. രാഘവൻ: അത് ഹരിജനക്ഷേമ വകുപ്പിൽ മാത്രം ഉള്ള പ്രത്യേകതയല്ല. മൊത്തത്തിലുള്ള ഒരു സംഭവമാണ്. അവിടെയെല്ലാം പരിഷ്കാരങ്ങൾ വേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly